# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം .*191

## 07/07/2015 -ലെ മറുപടിക്ക്

## സംസ്ഥാന ധന ഉത്തരവാദിത്ത നിയമം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാന ധന ഉത്തരവാദിത്ത നിയമപ്രകാരം ഉദ്ദേശിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | 13-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള 2011 ലെ കേരള ധന ഉത്തരവാദിത്ത (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു<br>2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 1.4 ശതമാനം, 0.9 ശതമാനം, 0.5 ശതമാനം, പൂജ്യം ശതമാനം എന്നീ ക്രമത്തിൽ കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലുവർഷക്കാലയളവിനുള്ളിൽ റവന്യൂകമ്മി ഇല്ലാതാക്കേണ്ടതാണ്.<br>ഇതേ ആക്ട് പ്രകാരം 2011-12, 2012-13 എന്നീ വർഷങ്ങളിൽ ധനസംബന്ധമായ കമ്മി മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3.5 ശതമാനത്തിൽ കവിയാത്ത നിലയിൽ നിലനിർത്തിക്കൊണ്ട് 2013-14 ൽ 3 ശതമാനമായി കുറച്ചുകൊണ്ടുവരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2014 മാർച്ച് 31 ന് അവസാനിക്കുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ ധനസംബന്ധമായ കമ്മി സംസ്ഥാനത്തെ മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 3 ശതമാനമായി കുറയ്ക്കേണ്ടതുമാണ്. |

| | |
|---|---|
| | അതുപോലെ തന്നെ 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആകെ കടബാധ്യത മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ യഥാക്രമം 32.3 ശതമാനം, 31.7 ശതമാനം, 30.7 ശതമാനം, 29.8 ശതമാനം എന്ന ക്രമത്തിലേക്ക് കുറച്ചു കൊണ്ടു വരുന്നതിലൂടെ 2011 ഏപ്രിൽ 1 ന് ആരംഭിച്ച് 2015 മാർച്ച് 31 ന് അവസാനിക്കുന്ന നാലു വർഷക്കാലയളവിനുള്ളിൽ സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത മൊത്തം മതിപ്പ് ആഭ്യന്തര ഉൽപ്പന്നത്തിന്റെ 29.8 ശതമാനമായി കുറയ്ക്കുകയും ചെയ്യേണ്ടതുമാണ്. |
| (ബി) ഈ ലക്ഷ്യങ്ങൾ നേടാനായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | 13-ാം ധനകാര്യ കമ്മീഷൻ ശുപാർശയനുസരിച്ചുള്ള 2011 ലെ കേരള ധന ഉത്തരവാദിത്ത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ (കടബാദ്ധ്യത -ജി.എസ്.ഡി.പിയുടെ അനുപാത ലക്ഷ്യങ്ങൾ (Debt – GSDP ഒഴികെ) നേടാൻ സംസ്ഥാനത്തിന് സാധിച്ചിട്ടില്ല ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ച നിരക്കിലുള്ള കുറവും കേന്ദ്രവിഹിതത്തിലുള്ള ഗണ്യമായ കുറവും കാരണമാണ് 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരമുള്ള സാമ്പത്തിക ദൃഢീകരണ പ്രക്രിയയുടെ ലക്ഷ്യങ്ങൾ നേടാൻ സംസ്ഥാനത്തിന് കഴിയാതിരുന്നത്. |
| (സി) ഇത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങൾ അവലംബിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | 2011 ലെ കേരള ധന ഉത്തരവാദിത്ത്വ (ഭേദഗതി) നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള നേട്ടങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടിയും ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായും |

| | |
|---|---|
| | ഇതിനകം കൈക്കൊണ്ടിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു<br><br>➢ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാത്തരം മദ്യം, വൈൻ, ബിയർ, സിഗററ്റ് എന്നിവയിന്മേലുള്ള നികുതി വർദ്ധിപ്പിച്ചിട്ടു ണ്ട്.<br><br>➢ പെട്രോളിയം ഉൽപന്നങ്ങളുടെ വിലകുറയുന്നതിന്റെ ഫലമായി നികുതിയിലു ണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിന് പെട്രോളിന്റെ നികുതി ന്യൂട്രലാക്കി നിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടു ണ്ട്.<br><br>➢ ഭൂമിയുടെ ന്യായവില പുനർനിർണ്ണയിച്ചിട്ടുണ്ട്. ഭൂനികുതി, തോട്ടം നികുതി എന്നിവയിൽ കാലോചിതമായ വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>➢ നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ, ആരോഗ്യ വകുപ്പ് ഒഴികെ എല്ലാ വകുപ്പുകളിലും നിലവിലുള്ള യൂസർ ചാർജ്ജുകളും ഫീസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.<br><br>➢ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധി രഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.<br><br>➢ ക്ഷേമനിധി ബോർഡുകളുടെ കൈവശമുള്ള ഫണ്ട് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>കൂടാതെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ ബാങ്ക് നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അധിക വിഭവസമാഹരണ നിർദ്ദേശങ്ങൾ കൂടാതെ |

| | |
|---|---|
| | ചെലവ് ചുരുക്കലിനുള്ള നിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>➢ സംസ്ഥാനത്തെ മന്ത്രിമാർ സെപ്റ്റംബർ 2014 മുതൽ 2015 മാർച്ച് വരെയുള്ള അവരുടെ ശമ്പളത്തിൽ 20% കുറവ് വരുത്താൻ തീരുമാനിച്ചിട്ടുണ്ട്.<br>➢ 2015 മാർച്ച് 31 വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും സ്ഥാപനങ്ങളും ഏജൻസികളും രൂപീകരിക്കുന്നതിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.<br>➢ മുപ്പതിനായിരത്തോളം താത്ക്കാലിക തസ്തികൾ അധികമാണെന്ന് സർക്കാർ ക ണ്ടെത്തിയിട്ടു ണ്ട്. ഇവയുടെ 25 ശതമാനം 2014-15 ൽ തന്നെ നിർത്തലാക്കാനും തീരുമാനിച്ചിട്ടുണ്ട്.<br>➢ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി.<br>➢ ആരോഗ്യ കുടുംബക്ഷേമം ഒഴികെയുള്ള വകുപ്പുകളിൽ നിന്നുള്ള ജീവനക്കാരുടെ വർക്കിംഗ് അറേഞ്ച്മെന്റ് നിർത്തലാക്കി.<br>➢ സർക്കാർ ഓഫീസുകളിൽ വൈദ്യുതി, ജലം, സ്റ്റേഷനറി എന്നിവയുടെ ഉപഭോഗം നിയന്ത്രിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾക്കൊപ്പം മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവു ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനു പകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ, ദീർഘകാല ശമ്പളരഹിത അവധി അനുവദിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ താത്കാലികമായി മാത്രമേ നികത്താവൂ തുടങ്ങിയ നിർദ്ദേശങ്ങളും 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ |

| | |
|---|---|
| | പ്രകാരം നൽകിയിട്ടുണ്ട്. 11.10.2013 ലെ സ.ഉ (പി) നം. 515/13/ധന, 28.11.2013 ലെ സ.ഉ. (പി) നം. 580/13/ധന എന്നീ ഉത്തരവുകൾ വഴി ഡെപ്യൂട്ടേഷൻ അനുവദിക്കുന്നതിൽ ഏതാനും വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**